**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1016 **02.12.2015** ലെ മറുപടിക്ക്

<u>ഗാന്ധി ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.മുരളീധരൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിൽ ഗാന്ധി ഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കോളനികളുടെ അടിസ്ഥാന സൗകര്യവികസനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ചുവടെ പറയുന്ന പ്രവൃത്തികളിൽ നിന്നും കോളനികളുടെ വികസനത്തിനാവശ്യമായ പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കി വരുന്നു :<br>1. കോളനിക്കുള്ളിലെ റോഡ്/ നടപ്പാതയുടെ നിർമ്മാണം<br>2. ഡ്രെയിനേജ് സൗകര്യങ്ങൾ<br>3. കുടിവെള്ള പദ്ധതികൾ<br>4. വൈദ്യുതീകരണം<br>5. ബയോഗ്യാസ് പ്ലാന്റ്<br>6. കമ്മ്യൂണിറ്റി ഹാൾ / ഓഡിറ്റോറിയം<br>7. കോമ്പൗണ്ട് വാൾ |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഗാന്ധിഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പട്ടികജാതി കോളനിയിൽ പരമാവധി ഒരു കോടി രൂപ വീതം വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കുകയും സർക്കാർ അക്രഡിറ്റഡ് ഏജൻസികളെ നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഏജൻസികൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ധാരണാപത്രം ഒപ്പിട്ട് എസ്റ്റിമേറ്റ് തുകയുടെ 25% ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ